LIBRARY ARCHIVES Kerala Legislative Assembly

ഒരുമനയൂരിൽ ഹോമിയോ ഡിസ്പെൻസറി

105 (4908) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ ഒരുമനയൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതി പ്രസ്തുത പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി, പഞ്ചായത്ത് ഭരണ സമിതി തീരുമാനം എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഹർജി പരിഗണിച്ച് സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ ;

(സി) പിന്നോക്ക തീരദേശ മേഖലയായ ഒരുമനയൂരിൽ ഹോമിയോ ഡിസ്പെൻസറി അനുവദിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) 2014-15 വാർഷിക പദ്ധതി പ്രകാരം 50 പുതിയ ഹോമിയോ ഡിസ്പെൻസറികൾക്കായുള്ള ശിപാർശയിൽ ഒരുമനയൂർ പഞ്ചായത്തും ഉൾപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത വാർഷിക പദ്ധതിയിൽ പുതിയ ഹോമിയോ ഡിസ്പെൻസറി അനുവദിച്ചിട്ടില്ല.

ദേവസ്വം ബോർഡ് നിയമനങ്ങൾക്കുള്ള സ്പെഷ്യൽ റൂൾസ്

106 (4909) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവസ്വം ബോർഡുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ച് സെലക്ഷൻ നടത്തുന്നത് അനൗചിത്യമാണെന്ന സർക്കാരിന്റെ വാദം ദേവസ്വം നിയമനങ്ങൾ പി.എസ്.സി.-ക്കുവിട്ട മുൻ സർക്കാരിന്റെ തീരുമാനം അട്ടിമറിച്ച് പിൻവാതിൽ നിയമനത്തിനായിരുന്നെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കഴിഞ്ഞ സർക്കാർ ദേവസ്വം നിയമനങ്ങൾ പി.എസ്.സി.യ്ക്കു വിട്ട് നിയമനത്തിനായി സ്പെഷ്യൽ റൂൾസ് തയ്യാറാക്കി പി.എസ്.സി.-യുടെ അംഗീകാരത്തിനായി അയച്ചിരുന്നുവോ ; എന്നാണ് സ്പെഷ്യൽ റൂൾസ് പി.എസ്.സി.-യുടെ അംഗീകാരത്തിനായി സമർപ്പിച്ചത്; പ്രസ്തുത കരട് സ്പെഷ്യൽ റൂൾസിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ ആരെയെല്ലാം അംഗങ്ങളായി നിയമിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) അയച്ചിരുന്നു. ജി.ഒ.(എംഎസ്.) നമ്പർ 21/2009/ആർ.ഡി തീയതി 12-1-2009 (എസ്.ആർ.ഒ. നം.20/2009)-ൽ സ്പെഷ്യൽ റൂൾസ് തയ്യാറാക്കി കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന് നൽകിയിരുന്നു. (പകർപ്പ് അനക്സർ - 1 ആയി ചേർത്തിരിക്കുന്നു.)*

(സി) സ.ഉ (പി) നമ്പർ 104/2015/ ആർ.ഡി തീയതി 13-3-2015 (എസ്.ആർ.ഒ. നമ്പർ 125/2015) നോട്ടിഫിക്കേഷൻ പ്രകാരം ബോർഡ് ചെയർമാനായി ശ്രീ.പി. ചന്ദ്രശേഖരനെയും അംഗങ്ങളായി ശ്രീ. എൻ. പരമേശ്വര കുമാർ, ശ്രീ. അനിൽ. റ്റി. വി, ശ്രീമതി ആഷാ. സി. ജി, ശ്രീ. എച്ച് ഗണേഷ് എന്നിവരെയും നിയമിച്ചിട്ടുണ്ട്.

ശബരിമല മാസ്റ്റർ പ്ലാൻ

107 (4910) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ഏതൊക്കെ നിർമ്മാണ പ്രവൃത്തികളാണ് ; ഓരോ പ്രവൃത്തിയ്ക്കും എത്ര രൂപ ചെലവുവരും ; വിശദമാക്കാമോ ;

(ബി) ശബരിമല മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി പണി പൂർത്തിയായത് ഏതൊക്കെ പദ്ധതികളാണ് ; മറ്റുള്ളവയുടെ പണികൾ ഏതു ഘട്ടംവരെയായി ; വിശദമാക്കാമോ ;

(സി) മാസ്റ്റർ പ്ലാനിന്റെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി പണി ആരംഭിക്കാത്ത പദ്ധതികൾ ഉണ്ടോ ; എങ്കിൽ ഏതൊക്കെ; ഇവയുടെ നിർമ്മാണം വൈകാനുള്ള കാരണം വ്യക്തമാക്കാമോ ; മാസ്റ്റർ പ്ലാനിലെ പണികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കും ; വിശദമാക്കാമോ ;

(ഡി) മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയ നിലയ്ക്കൽ ബേസ്മെന്റിന്റെ നിർമ്മാണത്തിനായി എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുത്തിരിക്കുന്നത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly